# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -245 — 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ കേസുമായി ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ. ഗുരുദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സംസ്ഥാന മന്ത്രിമാരും ഉന്നതരും ഉൾപ്പെടെയുള്ള ചിലരുമായി സോളാർ കേസിലെ പ്രതി ശ്രീമതി.സരിത.എസ്. നായരുടെ വീഡിയോ ദൃശ്യങ്ങൾ കണ്ടിട്ടുള്ളതായി അഡ്വ.ജേക്കബ് മാത്യു വെളിപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കേന്ദ്രമന്ത്രിസഭയിലേയും സംസ്ഥാന മന്ത്രിസഭയിലേയും അംഗങ്ങളെക്കുറിച്ച് നടത്തപ്പെട്ട പരസ്യമായ വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തുകയുണ്ടായോ;<br>(സി) തന്റെ കൈവശമുള്ളതായി അഡ്വ. ജേക്കബ് മാത്യു വെളിപ്പെടുത്തിയ ദൃശ്യങ്ങളുടെ പകർപ്പ് പോലീസ് കണ്ടെത്തി പരിശോധിക്കുകയുണ്ടായോ;<br>(ഡി) മുഖ്യമന്ത്രിയുമായി എറണാകുളത്തെ അതിഥി മന്ദിരത്തിൽ ശ്രീ. ബിജുരാധാകൃഷ്ണൻ നടത്തിയതായി പറയപ്പെടുന്ന ചർച്ചയിൽ അഡ്വ. ജേക്കബ് മാത്യുവിന്റെ വെളിപ്പെടുത്തലിലൂടെ പുറത്ത് വന്ന വിവരങ്ങൾ ഉണ്ടായിരുന്നുവോ; സോളാർ കേസ് സംബന്ധിച്ച അന്വേഷണസംഘത്തിന്റെ റിപ്പോർട്ടിൽ ഇത് സംബന്ധമായി എന്തെങ്കിലും പരാമർശങ്ങൾ ഉണ്ടോ; വിശദമാക്കാമോ;<br>(ഇ) മുഖ്യമന്ത്രി അന്വേഷണസംഘത്തോട് വെളിപ്പെടുത്തിയ കാര്യങ്ങളിൽ അഡ്വ. ജേക്കബ് മാത്യുവിന്റെ വെളിപ്പെടുത്തലിലൂടെ വെളിവായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ? | (എ), (ബി), (സി), (ഡി) & (ഇ) രജിസ്റ്റർ ചെയ്ത സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നിയമാനുസൃതം പ്രസക്തമായ തെളിവുകൾ ശേഖരിച്ചാണ് നടത്തിയിട്ടുള്ളത്. അതിൻ പ്രകാരം വഞ്ചന, ഗൂഢാലോചന, വ്യാജരേഖ ഉണ്ടാക്കൽ, വിശ്വാസവഞ്ചന തുടങ്ങിയ കുറ്റകൃത്യങ്ങളാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്. കേസന്വേഷണത്തിന്റെ പേരിൽ കുറ്റകൃത്യങ്ങളുമായി യാതൊരു ബന്ധമില്ലാത്തതും, തെളിവ് നിയമ പ്രകാരം അപ്രസക്തവുമായ പ്രസ്താവനകൾ, അഭ്യൂഹങ്ങൾ എന്നിവ നിയമപരമായി അന്വേഷിക്കുവാൻ സാധിക്കുകയില്ല. മേൽ കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ